**POLICE** **DEPARTMENT**

**KERALA**

**No. E1-6748/2013/T**
District Police Office,
Thiruvananthapuram Rural
sptvmrl.pol@kerala.gov.in
04712302296
Dated. 05-06-2017

**<u>പുനർ ലേലപരസ്യം</u>**

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ കാട്ടാക്കട പോലീസ് സ്റ്റേഷൻ കോംപൌണ്ടിൽ സ്ഥിതിചെയ്യുന്ന രണ്ടു ആഞ്ഞലി മരങ്ങൾ പരസ്യമായി ലേലം ചെയ്തു കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലദിവസം കൃത്യസമയത്ത് നേരിട്ട ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് നിശ്ചിത നിരതദ്രവ്യം കേട്ടിവയ്ക്കേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽമാർഗമോ 27/06/2017 തീയതി 4 മണിക്ക് മുൻപായി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ കിട്ടത്തക്കവിധത്തിൽ നല്കാവുന്നതാണ്. ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ജില്ലാ പോലീസ് മേധാവി തിരുവനന്തപുരം റൂറലിൻറെ പേരിൽ മാറാവുന്ന നിശ്ചിത തുകയ്ക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ ലേലത്തിന് ശേഷം പങ്കെടുത്തവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും യുക്തമെന്നു തോന്നുന്ന പക്ഷം ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിന് ലേലം താത്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

ഇപ്രകാരം ലേലം ഉറപ്പിച്ച കിട്ടുന്നവർ ലേലം/ദർഘാസ് തുകയുടെ പകുതി നിശ്ചിത വില്പന നികുതിയും ചേർത്ത് (നിശ്ചിത നിരതദ്രവ്യം ഒഴികെ) ലേല സ്ഥലത്ത് വച്ചുതന്നെ അടയ്ക്കേണ്ടതും ബാക്കി തുക ലേലം ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് കിട്ടുന്ന മുറയ്ക്ക് അടയ്ക്കേണ്ടതും ലേല തുകയോടൊപ്പം 14.5% വാറ്റും അപ്രകാരമുള്ള ആകെ തുകയുടെ 5 % വനവികസന നികുതിയായി "406-01-102-96-00-00 FDT" എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 2/1001 ആയി ചെല്ലാൻ മുഖാന്തിരം ഒടുക്കെണ്ടതാണ്. മരം സ്വന്തം ചിലവിൽ മുറിച്ച മാറ്റേണ്ടതുമാണ്.

പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ നിലകൊള്ളുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽകൂട്ടുന്നതും പുനർ ലേലം നടത്തുന്നതുമയിരിക്കും. പുനർലേത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽ നിന്നും ഈടാക്കുന്നതിനും മുൻ തുകയേക്കാൾ കൂടുതൽ തുക കിട്ടിയാൽ ആയതിന്മേൽ ടിയാന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. ലേലം കഴിഞ്ഞാലുടൻ ലേലത്തിൽ പങ്കെടുത്തവരുടെ നിരതദ്രവ്യം ലേലം കൊണ്ടയാളുടെ ഒഴികെ തിരുച്ചുനൽകുന്നതാണ്. മേൽ പറഞ്ഞ മരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഏ.സി.ഏ.ആറിൻറെ അനുവാദത്തോടെ രാവിലെ 10 നും 5 നും ഇടയ്ക്ക് പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ ഈ ലേലം റദ്ദാക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

<u>ലേലത്തിൻറെ വിവരം</u>
മരം – 2 ആഞ്ഞലി മരം
ലേലം വിളിക്കുന്ന സ്ഥലം - കാട്ടാക്കട പോലീസ് സ്റ്റേഷൻ
ലേലതീയതി – 28/06/2017
ലേലസമയം – 11.00 AM
നിരതദ്രവ്യം – 1137/-

P Asok Kumar IPS
District Police Chief

| | | |
|---|---|---|
| To | : | AC- II, AR Camp, തിരുവനന്തപുരം റൂറലിൻറെ അറിവിലേക്കായി |
| Copy To | : | 1. IOP, Kattakkada along with copy of auction notice already for information and necessary action and report compliance in due course. Also he is directed to take necessary steps to implement the instructions contained in the letter read as 2nd above. 2. JS Accounts , DPO Thiruvananthapuram Rural for information and necessary action. 3. SHO, Kattakkada for information and necessary action. |

Internal Administrative Processing System
iAPS
KERALA POLICE